പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1448 **16-10-2026-ൽ മറുപടിയ്ക്ക്**

പഴം-പച്ചക്കറി ഉൽപ്പാദനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

(എ) തരിശുനിലങ്ങൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗ പ്പെടുത്തുന്നതിനായി, New Agriculture Wealth Opportunities-Driving Horticulture and Agribusiness Networking (NAWO-DHAN) അനുബന്ധ പദ്ധതിക്ക് സർക്കാർ തുടക്കമിട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, ക്ലൗൺ കൃഷി, തേനീച്ച വളർത്തൽ, മറ്റു മേഖലകളിൽ ഉൾപ്പെട്ട പ്രവർത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി NAWO-DHAN പ്രവർത്തിച്ചു വരുന്നു. നവോ-ധൻ പദ്ധതിയിൽ നാളിതുവരെ 32 ഭൂഉടമകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്നുമായി ആകെ 4739.924 ഏക്കർ ഭൂമി പദ്ധതിക്കായി ലഭ്യമായിട്ടുണ്ട്. പദ്ധതിക്കായി ആകെ ലഭിച്ച ഭൂമിയിൽ നിന്നും പദ്ധതിയിൽ അംഗങ്ങളായ 3 കർഷക സംരംഭകർക്ക് 23 ഏക്കർ ഭൂമി സർവീസ് ലെവൽ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്.

തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മറ്റു വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെയും ഫാം പ്ലാൻ അധിഷ്ഠിത പദ്ധതികളിലൂടെയും പ്രോത്സാഹനം നൽകി വരുന്നു.

നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുനില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40000 രൂപ നൽകുന്നു. തരിശു ഭൂമികളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ***വിളവൈവിധ്യവൽക്കരണം,***

വിളതീവ്രത, അവതരണം എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ,പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത, തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പച്ചക്കറി കൃഷി പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്ന തിനായി ***കതിര്*** എന്ന പ്രത്യേക ഘടകത്തിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) കേരളത്തിലെ പഴം-പച്ചക്കറി ഉല്പാദനം വർധിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> കേരളത്തിലെ പഴം-പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും അതിലൂടെ ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2026-27 സാമ്പത്തിക വർഷത്തിൽ പച്ചക്കറി ഉൽപാദനം ലക്ഷ്യമിട്ട് സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 100/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങൾ അടങ്ങിയ 0.7 ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വിലവരുന്ന ഒരു കോടി സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തി വരുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 10/- രൂപ വില വരുന്ന 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 13 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വില വരുന്ന 0.8 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ദീർഘകാല വിളകളായ അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നിവയുടെ 15/- രൂപ വില വരുന്ന 0.27 ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിക്കായി ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി / HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകി 1650 യൂണിറ്റ് വിതരണം നടത്തുന്നു.

ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ പോഷകത്തോട്ടങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതിയിലൂടെ വിഭാവനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 10 മുതൽ 15 വരെ കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് 1.25 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതി ഘടകമാണിത്. പൊതു അല്ലെങ്കിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള തരിശുഭൂമികളിൽ പച്ചക്കറി കൃഷി നടത്തുന്ന കർഷക ക്ലസ്റ്ററുകൾ, വനിതാ ഗ്രൂപ്പുകൾ എന്നിവരും പദ്ധതിയിൽ പങ്കാളികളാകുന്നു.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകുന്നു.

തദ്ദേശീയവും വിദേശീയവുമായ ഫലവർഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഫലവർഗ വിളകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024-25 മുതൽ നടപ്പിലാക്കുന്ന ഒരു ബൃഹദ് പദ്ധതിയാണ് പഴവർഗ ക്ലസ്റ്ററുകളുടെ

രൂപീകരണം. പദ്ധതിയുടെ ഭാഗമായി വിവിധ ഇനം ഫലവർഗങ്ങളുടെ വിസ്തൃതിയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

വി.എഫ്.പി.സി.കെ മുഖേന വാണിജ്യാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി ചെയ്യുന്നവരെ ഏകോപിപ്പിച്ച് സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് ശാസ്ത്രീയമായ കൃഷിരീതികളിൽ അവബോധം നൽകി വരുന്നു. പഴം-പച്ചക്കറികളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ള വിത്തുകൾ, നടീൽവസ്തുക്കൾ, മറ്റ് ഉത്പാദനോപാധികൾ എന്നിവ സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ, ജൈവ ഉത്പാദനോപാധികളുടെയും വളങ്ങളുടെയും വിതരണം, വന്യജീവി ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കാൻ സൗരോർജ വേലി, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശയിളവ്, പുതിയ കർഷക വിപണികൾ തുടങ്ങുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതി തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

ഇതുകൂടാതെ, VFPCK-യുടെ ഫീൽഡ് തല ഉദ്യോഗസ്ഥർ തോട്ടം സന്ദർശിക്കുകയും വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നു. ഗുണമേന്മയുള്ള ടിഷ്യു കൾച്ചർ തൈകൾ, ജൈവ ഉൽപാദനോപാധികൾ, സൂക്ഷ്മ മൂലകങ്ങൾ മുതലായവ സമയബന്ധിതമായി ലഭ്യമാക്കുന്നു. വാഴ കൃഷിക്ക് ആവശ്യമായ വായ്പ, ഇൻഷുറൻസ് പരിരക്ഷ എന്നിവയും സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. VFPCK-യുടെ 298 കർഷക വിപണികൾ വഴി ഉൽപന്നം ന്യായമായ വിലയ്ക്ക് വിറ്റഴിക്കാൻ സാധിക്കുന്നു. വാഴയുടെ കയറ്റുമതി അധിഷ്ഠിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി NRCB-യുമായി ചേർന്ന് VFPCK നേന്ത്രവാഴയുടെ കടൽമാർഗ കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിച്ചു. ഇതിന്റെ ഭാഗമായി വാഴ കർഷകരുടെ 50 കയറ്റുമതി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്കും ക്ലസ്റ്റർ കർഷകർക്കും SHM ധനസഹായത്തോടെ നടത്തുകയും ചെയ്തു.

സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

കേരളത്തിലെ പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ, കൈതച്ചക്ക, പപ്പായ, സ്ട്രോബറി, മാവ്, പ്ലാവ്, റംബൂട്ടാൻ, അവോക്കാഡോ, ഡ്രാഗൺ ഫ്രൂട്ട് മുതലായ ഫലവർഗ വിളകളുടെയും ഹൈബ്രിഡ് പച്ചക്കറി വിളകളുടെയും കൃഷിവ്യാപനത്തിനായി പ്രോത്സാഹനം നൽകുന്നു.

കേരളത്തിലെ പഴം-പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനുമായി RKVY DPR പ്രകാരം നല്ല കൃഷിരീതികൾ (Good Agricultural Practices) അവലംബിച്ചുകൊണ്ട് പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യശൃംഖല (Value Chain) ശക്തിപ്പെടുത്തുക എന്ന പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സർക്കാരിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ആയത് സമയബന്ധിതമായി ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മറുപടി: സർക്കാരിൽ നിന്നും കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും, മറ്റു ക്ഷേമ പദ്ധതികളിലൂടെയും ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഇവയുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കൃഷി വകുപ്പ് വിവിധ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഭരണാനുമതികൾ നൽകുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഫണ്ട് ലഭ്യതക്കുറവ് നേരിടുന്ന സാഹചര്യങ്ങളിൽ, മുൻഗണനാ മേഖലകൾക്ക് സഹായം നൽകുന്നതിനുള്ള വിനിയോഗ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നു. വിവിധ ഉത്പാദനോപാധികൾ പാടശേഖര സമിതികൾ പോലുള്ള പ്രാദേശിക സ്ഥാപനങ്ങളിലൂടെ സഹായങ്ങൾ നേരിട്ട് കർഷകരിലേക്ക് എത്തിക്കുന്ന സംവിധാനം ഉറപ്പാക്കുന്നു. ഇവ കൂടാതെ സമയാസമയങ്ങളിൽ വിവിധ തലങ്ങളിലുള്ള അവലോകന യോഗങ്ങൾ നടത്തി വിവിധ ആനുകൂല്യങ്ങൾ അർഹരായ കർഷകർക്ക് ലഭിക്കുന്നു എന്നും ഉറപ്പുവരുത്തുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

സംസ്ഥാനാവിഷ്കൃതപദ്ധതികളിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

ക്രമ നമ്പർ	ഘടകം	ധനസഹായം നിരക്ക്
1) നെൽ കൃഷി വികസന പദ്ധതി		
1	ഗ്രൂപ്പ് ഫാമിംഗ്	5500 രൂപ / ഹെക്ടർ
2	എ) തരിശുഭൂമിയിൽ കൃഷി	35000 രൂപ /ഹെക്ടർ
3	ബി) ഭൂവുടമയ്ക്ക് പ്രോത്സാഹനം	5000 രൂപ/ ഹെക്ടർ ഭൂകൃഷി ഉടമയ്ക്ക്
4	പാടശേഖരങ്ങൾക്കുള്ള പ്രവർത്തന സഹായം	360 രൂപ /ഹെക്ടർ
5	സവിശേഷ നെല്ലിനങ്ങളുടെ കൃഷി	10000 രൂപ./ ഹെക്ടർ
6	ബ്ലോക്കുതലത്തിൽ അടിസ്ഥാന സൗകര്യ വികസനം	പാടശേഖരങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ
7	**ഫീൽഡ് ലെവൽ സീഡ് മൾട്ടിപ്ലിക്കേഷൻ ഫോർ പൊക്കാളി റൈസ് വെറൈറ്റീസ്**	100000/ ഹെക്ടർ
8	ഉല്പാദന ബോണസ്	400 രൂപ/ഏക്കർ/ സീസൺ
2) പച്ചക്കറി വികസന പദ്ധതി		
1	**സങ്കരയിനം പച്ചക്കറി വിത്ത്, തൈ എന്നിവയുടെ വിതരണം**	

a	സങ്കരയിനം പച്ചക്കറി വിത്ത് വിതരണം	100 % ധനസഹായം (രൂപ 100/വിത്ത് പായ്ക്കറ്റ്)
b	സങ്കരയിനം പച്ചക്കറി തൈ വിതരണം	100 % ധനസഹായം (രൂപ 3/പച്ചക്കറി തൈ)
c	പച്ചക്കറി വിത്ത് കിറ്റുകളുടെ വിതരണം - കർഷകർ, വിദ്യാർത്ഥികൾ, എൻ. ജി. ഒ., റെസിഡന്റ്സ് അസോസിയേഷനുകൾ മുഖേന	100 % ധനസഹായം (രൂപ 10/വിത്ത് കിറ്റ്)
2	**ഇറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷി പ്രോത്സാഹനം**	
a	ഇറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷി	ഹെക്ടറൊന്നിന് 1 ലക്ഷം രൂപ ധനസഹായം
3	**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം**	
a	മാധ്യമങ്ങൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണം	100 % ധനസഹായം (രൂപ 5/വിത്ത് പായ്ക്കറ്റ്)
b	ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില എന്നിവയുടെ പ്രോത്സാഹനം	100 % ധനസഹായം (തൈ ഒന്നിന് 15/- രൂപ)
c	പോഷകത്തോട്ടങ്ങളുടെ പ്രോത്സാഹനം	ഒരു പോഷകത്തോട്ടത്തിന് 500/- രൂപ സബ്സിഡി
d	മട്ടുപ്പാവിൽ കൃഷി ചെയ്യുന്നതിനായി HDPE ചട്ടികളിൽ പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് വിതരണം	25 പച്ചക്കറി തൈകൾ മൺചട്ടി / HDPE ചട്ടികൾ 75% സബ്സിഡി
e	ഹൈഡ്രോപോണിക്സ് കൃഷി രീതി പ്രോത്സാഹനം	ഒരു സ്കയർ മീറ്ററിന് 175/- രൂപ
f	പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനം	ഹെക്ടറൊന്നിന് 25,000/- രൂപ
4	**വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി**	
a	ക്ലസ്റ്ററുകൾക്ക് ധനസഹായം	1 - 1.25 ലക്ഷം രൂപ ഹെക്ടറൊന്നിന് (ഒരു ക്ലസ്റ്റർ : 3 മുതൽ 5 ഹെക്ടർ വരെ)
b	സ്റ്റാഗേർഡ് ക്ലസ്റ്റർ (ഹെക്ടർ)	പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപ ഹെക്ടറൊന്നിന്
c		പന്തൽ ആവശ്യമില്ലാത്തതിന്

		20,000/- രൂപ ഹെക്ടറൊന്നിന്
d	തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി	ഹെക്ടറൊന്നിന് 40,000/- രൂപ
e	ശീതകാല പച്ചക്കറി കൃഷി	30,000/- രൂപ ഹെക്ടറൊന്നിന്

3) നാളീകേര വികസനം

പദ്ധതി ഘടകം	**പ്രവർത്തനങ്ങൾ**	**സഹായ നിരക്ക്**
കേരഗ്രാമം 1st year (100 ha)	സംയോജിത പരിപാലനം	25.67 ലക്ഷം രൂപ / കേരഗ്രാമം
	ജലസേചനം	
	തെങ്ങു കയറ്റ യന്ത്രം	
	ജൈവവള യൂണിറ്റുകൾ	
	കേര സമിതികൾക്കുള്ള സഹായം	
കേരഗ്രാമം 2nd year (100 ha)	സംയോജിത വള പ്രയോഗം/സംയോജിത കീടരോഗ നിയന്ത്രണം	8.00 ലക്ഷം രൂപ / കേരഗ്രാമം
കേരഗ്രാമം 3rd year (100 ha)	സംയോജിത വള പ്രയോഗം	4.00 ലക്ഷം രൂപ / കേരഗ്രാമം
കേരരക്ഷാവാരം	a) പച്ചിലവള വിത്ത്	Rs.6.25 /തെങ്ങ്
	b) മണ്ട വൃത്തിയാക്കി മരുന്ന് തളി	Rs.75 /തെങ്ങ്
നാളികേര വികസന കൗൺസിൽ പദ്ധതി	a) തെങ്ങിൻ തൈ വിതരണം	**50% സബ്സിഡി നിരക്കിൽ**

വിത്ത് തേങ്ങകളുടെ ശേഖരണം	നെടിയ ഇനം	ഒരു വിത്ത് തേങ്ങയ്ക്ക് 70 രൂപ പ്രകാരം
	ഹൈബ്രിഡ് ഇനം	ഒരു വിത്ത് തേങ്ങയ്ക്ക് 75 രൂപ പ്രകാരം
	കുറിയ ഇനം	ഒരു വിത്ത് തേങ്ങയ്ക്ക് 70 രൂപ പ്രകാരം
പെർ ഡ്രോപ്പ് മോർ ക്രോപ് (CSS) പദ്ധതിക്ക് ടോപ് അപ്പ് സബ്സിഡി		30% ടോപ് അപ്പ് സബ്സിഡി

4) സുഗന്ധവ്യഞ്ജന വിളകളുടെ വികസനം

പദ്ധതി ഘടകം	പ്രവർത്തനങ്ങൾ	**സഹായ നിരക്ക്**
കുരുമുളകിന്റെ വിസ്തൃതി വ്യാപനം	മുന്തിയ ഇനം കുരുമുളക് തൈകൾ ഉപയോഗിച്ചുള്ള വിസ്തൃതി വ്യാപനം	8800/ഹെക്ടർ
മറ്റ് സുഗന്ധ വ്യഞ്ജനങ്ങളുടെ വിസ്തൃതി വ്യാപനം	ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിസ്തൃതി വികസനം	15000/ഹെക്ടർ
	ജാതിയുടെ വിസ്തൃതി വികസനം	40000/ഹെക്ടർ
	ഗ്രാമ്പുവിന്റെ വിസ്തൃതി വികസനം	13750/ഹെക്ടർ
സംയോജിതവും മെച്ചപ്പെട്ടതുമായ പരിപാലന രീതികൾ സ്വീകരിക്കൽ		5000/ഹെക്ടർ
വികേന്ദ്രികൃത നഴ്സറികളുടെ സ്ഥാപനം	വികേന്ദ്രികൃത കുരുമുളക് നഴ്സറികളുടെ സ്ഥാപനം	30000/നഴ്സറി

5) വിള വൈവിധ്യവത്കരണം, വിള സാന്ദ്രീകരണം, വിള അവതരണം

1	പയർ വർഗ വിസ്തൃതി വ്യാപനം	15000/ha

2	എണ്ണക്കുരുക്കളുടെ വിസ്തൃതി വ്യാപനം	10000/ha
3	ചെറുധാന്യ വിസ്തൃതി വ്യാപനം	20000/ha
4	വെറ്റില കൃഷി വ്യാപനം	40000/യൂണിറ്റ് OR 10 സെൻറ്
6) പഴവർഗ്ഗ പുഷ്പ ഔഷധസസ്യ കൃഷി വികസന പദ്ധതി		
1	പഴവർഗ്ഗ ക്ലസ്റ്ററുകളുടെ രൂപീകരണം	മൊത്തം ചെലവിന്റെ 60% സബ്സിഡിയായി (നടീൽ വസ്തുക്കളുടെ വില @ 75%, ഇൻപുട്ട് ചെലവ് @ 50% ഉൾപ്പെടെ)
2	ഫ്ലോറി വില്ലേജ്	നടീൽ വസ്തുക്കൾക്ക് 75% ധന സഹായം, കൃഷി ചെലവുകൾക്ക് 50% ധന സഹായം
3	ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധ സസ്യകൃഷി	ഒരു ഹെക്ടറിന് 1.25 ലക്ഷം രൂപ
7) മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത മെച്ചപ്പെടുത്തലും		
1	നെൽ കർഷകർക്കുള്ള കുമ്മായ വിതരണം	ഹെക്ടറിന് 5400 രൂപ
2	സപ്പോർട്ട് ഫോർ സെക്കണ്ടറി &മൈക്രോന്യൂട്രിയൻറ്	ഹെക്ടറിന് 500 രൂപ
8) ഫാം യന്ത്രവല്ക്കരണത്തിനുള്ള സഹായം		
1	**ഫാം മെഷിനറി ക്ലിനിക് സ്ഥാപിക്കൽ**	ജില്ലാതല കാർഷിക എഞ്ചിനീയറിംഗ് ഓഫീസുകളിൽ Farm Machinery Clinics സ്ഥാപിച്ച് കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി, പരിപാലന സേവനങ്ങൾ വേഗത്തിലും കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നു

ഇവ കൂടാതെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോതാപാന്നങ്ങളുടെ

വിപണനവും മൂല്യവർദ്ധനവും ഉറപ്പാക്കുന്നതിനായി വിപണി വികസനം, വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ, വിളവെടുപ്പിന് ശേഷമുള്ള മൂല്യവർദ്ധനവ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി പച്ച തേങ്ങ സംഭരണം, നെല്ല് സംഭരണം, റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി എന്നിവ നടപ്പിലാക്കുന്നു.

പ്രകൃതി ക്ഷോഭങ്ങൾ മൂലം വിളകൾ നശിച്ച കർഷകർക്ക് നഷ്ട സാധ്യത ലഘൂകരിക്കുന്നതിനായി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടിയും, പ്രധാന മന്ത്രി ഫസൽ ഭീമ യോജന (PMFBY) റീ സ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് പദ്ധതിയും (Restructured Weather Based Crop Insurance Scheme) നടപ്പിലാക്കുന്നുണ്ട്.

കർഷക ക്ഷേമം ഉറപ്പു വരുത്താൻ 60 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന കർഷകർക്ക് പ്രതിമാസം 2000/- രൂപ കർഷക പെൻഷൻ നൽകുന്നുണ്ട്. കർഷകർക്ക് സമയാസമയങ്ങളിൽ വിളകൾക്ക് ആവശ്യമായ വിവിധ ഉത്പാദനോപാധികൾ സംഘടിപ്പിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (PMKISAN) എന്ന കേന്ദ്ര പദ്ധതിയിലൂടെയും പ്രതിവർഷം 6000 രൂപ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി കർഷകർക്ക് ലഭിക്കുന്നുണ്ട്.

കേന്ദ്രവിഹിതവും സംസ്ഥാനപ്രോത്സാഹന ബോണസും ചേർത്ത് നിലവിൽ കേരളത്തിൽ കിലോ ഒന്നിന് 30/- രൂപ എന്ന നിരക്കിൽ നെല്ല് സംഭരണം സപ്ലൈക്കോ മുഖേന നടപ്പിലാക്കി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയുടെ ഭാഗമായി കാർഷിക രംഗത്തെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് DPR അടിസ്ഥാനപ്പെടുത്തി ധനസഹായം ലഭ്യമാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെറുധാന്യ കൃഷി, Good Agricultural practises-ലൂടെ ഉത്പാദിപ്പിക്കുന്ന പഴങ്ങളുടേയും, പച്ചക്കറികളുടെയും മൂല്യശൃംഖല ശക്തിപ്പെടുത്തൽ, ക്ലൺ ഗ്രാമങ്ങൾ തുടങ്ങിയ പദ്ധതികളിൽ കർഷകർക്ക് കൃഷി ചെയ്യുന്നതിനും, പാക്ക് ഹൗസുകൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും ധനസഹായം ലഭിക്കുന്നു.

പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതിയിൽ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകൃത നിരക്കിലുള്ള ചെലവിന്റെ 45 മുതൽ 55% വരെ സബ്സിഡി ലഭിക്കുന്നു.

സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ പദ്ധതിയിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിലേയ്ക്കായി കർഷകർ, കർഷകത്തൊഴിലാളികൾ, സ്വയംസഹായ സംഘങ്ങൾ സംരംഭകർ തുടങ്ങിയവർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിലേക്ക് സാമ്പത്തികസഹായം നൽകിവരുന്നു. കൂടാതെ സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, കർഷകരുടെ സംഘങ്ങൾ എന്നിവ വഴി വിവിധങ്ങളായ കാർഷിക യന്ത്രവൽക്കരണ പ്രവർത്തികൾ കർഷകരിൽ എത്തിക്കുന്നതിന് കസ്റ്റം ഹയറിങ് സെന്ററുകൾ സ്ഥാപിക്കുന്നതിനും, കാർഷിക യന്ത്രങ്ങളുടെ ബാങ്കുകൾ രൂപീകരിക്കുന്നതിനും സാമ്പത്തികസഹായം നൽകിവരുന്നു. വിള സംസ്കരണ യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുള്ള യന്ത്രങ്ങൾ, ട്രാക്ടർ, പവർട്ടില്ലർ, കമ്പയിൻ ഹാർവെസ്റ്റർ, സെൽഫ് പ്രൊപ്പെൽഡ് മെഷീൻ, ഞാറുനടീൽ യന്ത്രം, ത്രഷർ, പോസ്റ്റ് ഹാർവെസ്റ്റ് എക്യുപ്മെന്റ്സ് പമ്പ്സെറ്റ്, ട്രാക്ടർ ഡ്രിവൺ മെഷീൻസ് തുടങ്ങിയ കാർഷിക യന്ത്രങ്ങൾക്കും ഉപകരണങ്ങൾക്കും ഈ പദ്ധതി പ്രകാരം സബ്സിഡി നൽകി വരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാടകയ്ക്കെടുക്കുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നു. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനു 50% വരെ (കസ്റ്റം ഹയറിങ്ങ് സെന്റർ പോലുള്ള ഗ്രൂപ്പുകൾക്ക് 80-100%) സബ് സിഡി ലഭിക്കുന്നു.

ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലൂടെ പ്രദർശനത്തോട്ടങ്ങൾ ഒരുക്കുന്നതിന് 50 ഹെക്ടർ വിസ്തൃതിയിലുള്ള ഒരു ക്ലസ്റ്ററിനു 0.80 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നു.

നാഷണൽ മിഷൻ ഓൺ നാച്ചുറൽ ഫാർമിംഗ് പദ്ധതിയിൽ കർഷകർക്ക് NF പരിചരണ മുറകൾ അവലംബിക്കുന്നതിനായി പ്രതിവർഷം ഏക്കറിന് 4000/- രൂപ ഇൻസെന്റീവ് ലഭിക്കുന്നു. കൂടാതെ പരിശീലനങ്ങളും കൃഷിയിടങ്ങൾക്ക് NF സർട്ടിഫിക്കേഷനും ലഭിക്കുന്നു.

സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി സ്കീം വഴി കൃഷിയിടങ്ങളിലെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് മണ്ണിലെ വിവിധ മൂലകങ്ങളുടെ ലഭ്യത സംബന്ധിച്ചും ചേർക്കേണ്ട വളങ്ങളെ സംബന്ധിച്ചും ഉള്ള വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന സോയിൽ ഹെൽത്ത് കാർഡുകൾ തയ്യാറാക്കി കർഷകർക്ക് വിതരണം ചെയ്യുകയും ശാസ്ത്രീയ മണ്ണ് പരിപാലനമുറകൾ സംബന്ധിച്ച് കർഷകർക്ക് പരിശീലനം ഉൾപ്പെടെയുള്ള മണ്ണ് പരിശോധന ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ പദ്ധതി വഴി കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ സംബന്ധിച്ച ട്രയിനിങ്ങുകൾ നൽകുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ മിഷൻ പദ്ധതി വഴി നെൽകൃഷി, ചെറുധാന്യ കൃഷി എന്നിവയ്ക്കുള്ള ധനസഹായം, ഉത്പാദനോപാധികൾക്കുള്ള സഹായം, സ്പ്രേയർ, കാർഷിക പ്രദർശനത്തോട്ടം, എന്നിവയ്ക്കായി ധനസഹായം ലഭ്യമാകുന്നു.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഉല്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം ജലസേചന സൗകര്യങ്ങൾ ഒരുക്കൽ സംയോജിത സസ്യ സംരക്ഷണ മുറകൾ നടപ്പിലാക്കൽ സംരക്ഷിത കൃഷി നടപ്പിലാക്കൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ വിളവെടുപ്പാനന്തര പരിപാലനം ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്കരണം ഉത്പന്നങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പാക്കിങ്ങ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ മാനവശേഷി വികസന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മാവ്, പ്ലാവ്, വാഴ, കൈതച്ചക്ക, ടിഷ്യു കൾച്ചർ വാഴ, പപ്പായ, സ്ട്രാബെറി എന്നീ ഫലവർഗ്ഗ വിളകൾ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ എന്നീ സുഗന്ധ വ്യഞ്ജന വിളകൾ, കശുമാവ്, കൊക്കോ എന്നീ തോട്ടവിളകൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിളകൾ. ഇത് കൂടാതെ പുഷ്പകൃഷിയും, കൂൺ കൃഷിയും, തേനീച്ച വളർത്തലും ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നാഷണൽ മിഷൺ ഓൺ എഡിബിൾ സോയിൽസ് – ഓയിൽ പാം പദ്ധതിയിൽ എണ്ണപ്പന കർഷകർക്ക്, ആവശ്യമായ തൈകൾ 4 വർഷം വരെ പരിപാലനത്തിനുള്ള ധനസഹായം, വിവിധ കാർഷിക ഉപകാരങ്ങൾ വാങ്ങുന്നതിനുള്ള സഹായം തുടങ്ങിയവ ലഭ്യമാക്കുന്നു. നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൾസ് – ഓയിൽ സീഡ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ കർഷകർക്ക് എള്ള് കൃഷി, നിലക്കടല കൃഷി എന്നിവയ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്നു. ആത്മ നിർഭരത ഇൻ പൾസസ് പദ്ധതിയിൽ ഉഴുന്ന്, ചെറുപയർ, പയർ, തുവര എന്നിവ കൃഷി ചെയ്യുന്നതിനുള്ള ധനസഹായം ലഭ്യമാകുന്നു.

സെക്ഷൻ ഓഫീസർ